**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രമിട്ട ചോദ്യം നം. *146 — 11/2/2013-ൽ മറുപടിയ്ക്ക്

## സമഗ്ര നാളികേര വികസനപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. ജോർജ്<br>,, എം.വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സമഗ്ര നാളികേര വികസന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ; | എ) നിലവിൽ സംയോജിത നാളികേര വികസന പദ്ധതി (കേരശ്രീ) സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചു കൃഷി വകുപ്പിലൂടെ നടപ്പിലാക്കി വരുന്നു. ഇതനുസരിച്ച് 19600 ഹെക്ടറിലേക്ക് 17500 രൂപ നിരക്കിൽ ഒന്നാം വർഷം ഉൽപ്പാദക ഘടകങ്ങൾക്ക് സഹായം നൽകുന്നതിനും രണ്ടാം വർഷം 10200 ഹെക്ടറിൽ 9100/- രൂപ നിരക്കിൽ ഉൽപ്പാദക ഘടകങ്ങളായ വളം, കീടനാശിനി എന്നിവയ്ക്ക് ധനസഹായം നൽകുന്നു. |
| ബി) നാളികേര ഉൽപാദനം, മൂല്യവർദ്ധിത വിപണി എന്നിവ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നത്; വ്യക്തമാക്കുമോ; | ബി) മൂല്യവർധിത വിപണി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ കേരഫെഡ് സ്വീകരിച്ചു വരുന്നു. നാളികേരത്തിൽ നിന്ന് ഡെസിക്കേറ്റഡ് നാളികേരം, നാളികേര പാൽ, ക്രീം തുടങ്ങിയ ഉൽപന്നങ്ങൾ നിർമ്മിക്കാവുന്ന ഒരു ഫാക്ടറി കരുനാഗപ്പള്ളിയിൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഈ ഉൽപന്നങ്ങളുടെ വിപണന ശൃംഖല കെട്ടിപ്പെടുക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>നാളികേര വികസന ബോർഡു വഴി നടപ്പാക്കുന്ന ഉൽപന്ന വൈവിദ്ധ്യവൽക്കരണ പദ്ധതി, സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ് കൺസോർഷ്യം (SFAC) മുഖാന്തിരം നടപ്പാക്കുന്ന മൂല്യ വർദ്ധിത ഉൽപന്നങ്ങളാക്കുന്ന പദ്ധതി, ബയോപാർക്കുകൾ സ്ഥാപിക്കൽ, കൊപ്ര സംഭരണം, പച്ചത്തേങ്ങ സംഭരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. |
| സി) | നാളികേരത്തിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | സി) | ഉണ്ട്.<br>നാളികേരത്തിന്റെ വിലയിടിവിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരം കൊപ്ര സംഭരണം കേരഫെഡും മാർക്കറ്റ് ഫെഡും മുഖേന നടപ്പിലാക്കിവരുന്നു. 2012 സീസണിലേക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയായ മില്ലിംഗ് കൊപ്രക്ക് 5100 രൂപയും, ഉണ്ട കൊപ്രയ്ക്ക് 5350 രൂപയും പൊതിച്ച നാളികേരം 1400 രൂപയ്ക്കും സംഭരണം നടത്തുന്നു. കൂടാതെ കൃഷിഭവനുകൾ വഴി കർഷകരിൽ നിന്നും പച്ചതേങ്ങ നേരിട്ട് സംഭരിച്ച് കൊപ്രയാക്കുന്നതിനുള്ള പദ്ധതി കേരഫെഡ് മുഖേന നടപ്പിലാക്കി വരുന്നു.<br>നാളികേര ഉൽപന്ന വൈവിദ്ധ്യവൽക്കരണവും മൂല്യവർദ്ധനവും ലക്ഷ്യമാക്കി സംസ്ഥാനത്ത് 3 ബയോ പാർക്കുകൾ സ്ഥാപിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചു |

വരുന്നു. ഇളനീരും മറ്റു ഉൽപന്ന വൈവിദ്ധ്യവൽക്കരണവുമാണ് ബയോപാർക്കുകളിലൂടെ പ്രാവർത്തികമാക്കുന്നത്. നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങളായ ഡെസിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട് മിൽക്ക് ക്രീം, കോക്കനട്ട് ചിപ്പ്സ്, സ്പ്രേ ഡ്രൈഡ് പാൽപ്പൊടി, വെർജിൻ വെളിച്ചെണ്ണ, ഷെൽ ചാർക്കോൾ, ചിരട്ടപ്പൊടി, ആക്ടിവേറ്റഡ് കാർബൺ തുടങ്ങിയവയുടെ ഉൽപാദനം കോക്കനട്ട് ബയോപാർക്കിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കൂടാതെ സ്മാൾ ഫാർമേഴസ് അഗ്രിബിസിനസ് കൺസോർഷ്യം വഴി നാളികേര ഉൽപന്ന വൈവിദ്ധ്യവൽക്കരണ പദ്ധതിക്കായി 2012-13, 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**